Week - 4

# Weekly Devotion - January 2019
## Wash the hand of a sordid deed (Mathew 27:24)
## (കുറ്റവിമുക്തിയുടെ കൈകഴുകൽ)



പരിചാരികയായ ഒരു പെൺകുട്ടി എത്ര ഭംഗിയായി പാത്രം കഴുകി തൂത്തു തുടച്ചാലും വീട്ടുടമയായ അമ്മ കുറ്റം പറയും. ഒരു ദിവസം അവൾ പറഞ്ഞു (അമ്മച്ചി കണ്ണും കണ്ണാടിയും കഴുകി തുടച്ചു നോക്കുക എല്ലാം ശരിയാകും എന്ന്. മറ്റുള്ളവരെ കുറ്റക്കാരെന്ന് വിധിച്ച് കൈകഴുകുന്നതിലും നല്ലത് നമ്മുടെ ചിന്താ മണ്ഡലം ഒന്ന് ശുദ്ധമാക്കുന്നതല്ലേ? എന്ന് ചിന്തിക്കുക.

ഹൃദയം (മനസ്സ്) മാംസ നിർമ്മിതമാണ് ആകാശത്തിൻ കീഴ് സംഭവിക്കുന്നതിനെ ഷറ്റി ജ്ഞാനത്തോടെ അറിവാൻ ശ്രമിച്ച ജ്ഞാനിയായ ശലോമോൻ പറയുന്നു. ജ്ഞാനം ഗ്രഹിഷാനും, ഭ്രാന്തും ദോഷത്വവും അറിയവാനും മനസ്സുവച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ല . അവ പ്രശ്നപരിഹാരികളുമല്ല . മനസ്സുകൊണ്ട് മനുഷ്യൻ അറിയുന്നു, ഗ്രഹിക്കുന്നു, ചിന്തിക്കുന്നു, തീരുമാനിക്കുന്നു. സ്വാർത്ഥ ചിന്തകൾ, ദുഷിച്ച വിഭ്രാന്തികൾ ഇവ ഹൃദയത്തിൽ കടന്നുകൂടിയാൽ കൈകൾ പ്രവൃത്തിക്കുന്നതും മോശമായ രീതിയിലായിരിക്കും.

1 കരം കഴുകുക എന്നത് കുറ്റമില്ലായ്മയെ കാണിക്കുന്നു. വെടിപ്പുള്ള കയ്യും നിർമ്മല ഹൃദയമുള്ളവന്റെ പ്രവർത്തികൾ വിശുദ്ധവും കൃപയോട് കൂടിയതുമായിരിക്കും. എന്നാൽ നിർമ്മലഹൃദയം അല്ലാത്തവന്റെ പ്രവൃത്തി ദുഷിച്ചതും മറ്റുളളവർക്ക് വേദനയുളവാക്കുന്നതും ആയിരിക്കും.

“A man of bad character punishes his own soul” യൂദയുടെ (യേശുവിന്റെ ശിഷ്യൻ) ജീവിതം ശ്രദ്ധിക്കുക മത്താ :26:14-16) വരെയുള്ള ഭാഗത്ത് പണമോഹം കൊണ്ടുവന്ന ദുഷ്ടചിന്ത അതിജീവിഷാൻ യൂദയ്ക്ക് കഴിഞ്ഞില്ല. അതിജീവിഷാനവസരം യേശു നൽകിയിരുന്നു. Read മത്താ: 26:20,21,24 എന്നാൽ മനസ്സ് ദുഷിച്ചവന്റെ കൈകൾ നിരപരാധിയോട് ക്രൂരതകാട്ടി

Look മത്താ:(26:48,49)

യൂദ സ്വന്ത മോഹത്തിലാണ് തെറ്റിൽ വീണത്. ആ തെറ്റ് അവനെ ആത്മഹത്യലേക്ക് നയിച്ചു. എന്നാൽ ഷേക്സ്പിയറിന്റെ മഹത് ഗ്രന്ഥമായ മാക്ബത്തിൽ ഡങ്കൻ രാജാവിനെ കൊലപ്പെടുത്തിയാൽ രാജാവാകാം എന്ന ദുഷിച്ച ചിന്ത മനസ്സിലേക്ക് പകർന്നു നൽകിയത് മാക്ബത്തിന്റെ ഭാര്യ ആയിരുന്നു. അവൾ അഴിച്ചു വിട്ട ദുഷിച്ച ചിന്തകളെ അതിജീവിഷാൻ കഴിയാതെ വന്ന മാക്ബത്ത് ഒരു വലിയ തെറ്റിൽ

വീണു. രാജാവിനെ കൊന്നശേഷം  വിഭ്രാന്തിയോടെ ശേഷിച്ചകാലം കൈകഴുകി നടന്നു. വിഭ്രാന്തിയിൽ പുലമ്പിയ വാക്ക് വളരെ അർത്ഥവത്താണ്. “ Will all great Neptune’s Ocean wash this blood”.

കൈകഴുകുക എന്നത് പഴയനിയമകാലത്ത് മോശയ്ക്ക് ലഭിച്ച നിർദ്ദേശമായിരുന്നു. സമാഗമന കൂടാരത്തിൽ താമ്രത്തൊട്ടി വയ്ക്കുകയും അതിൽ വെള്ളമൊഴിച്ച് പുരോഹിതന്മാർ മരിക്കാതിരിപ്പാൻ കയ്യും കാലും കഴുകേണം എന്ന് പുറ:30:20,21 വാക്യങ്ങളിൽ വിശദമാക്കുന്നു.

യഹൂദന്മാരുടെ ആചാരമായി ആവ :21:6-7 വാക്യങ്ങളിൽ ഒരു കൈകഴുകൽ കാണാം. നമ്മുടെ മുൻപിൽ ഒരു പാപം നടന്ന അഥവാ നടക്കുവാൻ പോകുന്നു എങ്കിൽ നമുക്കതിൽ പങ്ക് ഇല്ലെന്നറിയിപ്പാൻ അവർ കൈകഴുകിയിരുന്നു. നാടുവാഴിയായ പീലാത്തോസ് കഴുകിയതും താൻ കുറ്റക്കാരനല്ലെന്ന് അറിയിപ്പാനായിരുന്നു. ഒരു സ്വഭാവ താരമ്യപഠനത്തിലേക്ക് ഒന്ന് കടക്കുവാനാഗ്രഹിക്കുന്നു. തന്റെ മുൻപിൽ എത്തിച്ച ഈ നിരപരാധിയെ കൊണ്ടുവന്നവർ അസൂയാലുക്കൾ എന്ന് നാടുവാഴിയായ ഫീലാത്തോസ് മനസ്സിലാക്കിയിരുന്നു. മത്താ :27:18) കൂടാതെ അദ്ദേഹത്തിന്റെ ഭാര്യയും യേശുനീതിമാണെന്ന് അറിയിച്ചിരുന്നു. (മത്താ:27:19). എന്നാൽ യേശു തന്റെ പിതാവ് തന്നെ ലോകത്തിക്കയച്ചത് എന്തിനാണെന്ന് മനസ്സിലാക്കുകയും സ്വർഗ്ഗീയ അധികാരത്തിന് കീഴ്പ്പെടുകയും ചെയ്തു. പിതാവിനെ അനുസരിക്കുകയും ചെയ്തു. യോഹ (3:16,17)

അധികാരഗർവ്വിയായ പീലാത്തോസിന്റെ വാക്കുകൾ കേട്ട സർവ്വശക്തനായ ദൈവത്തിന്റെ പുത്രനാം യേശു മനുഷ്യൻ വെറും നിസ്സാരനെന്നും മേലിൽ നിന്നുള്ള അധികാരം ലഭിച്ചില്ലെങ്കിൽ അവൻ വെറും നിസ്സാരനാണെന്നും അവന് മനസ്സിലാക്കിക്കൊടുത്തു. (യോഹ:19:10,11).

പുരുഷാരത്തെ തൃപ്തിപ്പെടുത്തുവാനും കൈസരുടെ സ്നേഹിതനാണെന്നും വരുത്തി, തന്റെ സ്ഥാനം സുരക്ഷിതമാകുവാൻ ആഗ്രഹിച്ച പീലാത്തോസ് താൻ നിരപരാധിയാണെന്ന് സ്വയം ബോദ്ധ്യപ്പെടുത്തുവാനാണ് കൈകഴുകിയത്.

മാർക്കോ:15:15, യോഹ:19:12)

എന്നാൽ സകല സ്വർഗ്ഗീയ സന്തോഷവും വെടിഞ്ഞിട്ടാണ് പാപികളായ നമുക്കുവേണ്ടി യേശു പിതാവിന്റെ ഹിതം അംഗീകരിച്ചത്. ഒരു യഥാർത്ഥ സ്നേഹിതനു മാത്രമേ കൂട്ടുകാരനു വേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാൻ കഴിയുകയുള്ളൂ.

Read - യോഹ:(3,16), 2 കൊരി:(5:14,15)

പച്ച വെള്ളത്തിൽ കൈ കഴുകിയാൽ ഒരുവൻ നീതിമാനാകുന്നില്ല. (സഭാ:7:20) എന്നാൽ യേശു പൂർണ്ണമായും നീതിമാനാകയാലത്രേ അവന്റെ രക്തം മൂലം നാം ശുദ്ധീകരിക്കപ്പെടുന്നത് Read - റോമ:(5:7)

കൈ പരസ്യമായി കഴുകി നീതിമാനെന്ന് പ്രഖ്യാപിച്ചവൻ യേശു ഉയർത്തെഴുന്നേല്ക്കുമെന്ന് ഭയന്ന് കാവൽ ശക്തമാക്കി, കല്ല് മുദ്രവച്ചു. പിതാവ് വാക്കു പാലിച്ചു. 3-ാംനാൾ സകലതടസ്സവും അവഗണിച്ച് യേശു ഉയർത്തെഴുന്നേറ്റു. മത്താ: (27:60,65,66) (28:1-6)

പ്രിയരേ! സകലപാപവും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ അവൻ ചോരിഞ്ഞ രക്തം അനുപേക്ഷണീയമാണ്. നമ്മുടെ അങ്കി ആ രക്തത്തിൽ കഴുകി വെളുപ്പിച്ച് പിതാവിന്റെ മുൻപിൽ ധൈര്യത്തോടെ നില്പാൻ ദൈവം സഹായിക്കട്ടെ. ശുദ്ധീകരണത്തിനായ് യേശുവിന്റെ സമീപം വരിക, ലോകത്തിലുള്ള യാതൊരു വസ്തുവിനും നമ്മെ ശുദ്ധിയുള്ളവരാക്കുവാൻ കഴിയുകയില്ല. അതിനായി ദൈവം കൃപചെയ്യട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind